**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4029** **27-10-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഹൈസ്കൂളുകളിൽ ലാബ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, പെരുമ്പഴുതൂർ ഹൈസ്കൂൾ, ഊരുട്ടുകാല ഗവൺമെന്റ് എം.റ്റി.എച്ച്.എസ്. എന്നീ ഹൈസ്കൂളുകളിൽ എസ്.എസ്.കെ. ഫണ്ട് ഉപയോഗിച്ച് ലാബ് നിർമ്മിക്കുന്നതിന് എത്ര തുകയാണ് നഗരസഭയ്ക്ക് നൽകിയതു എന്ന് വിശദമാക്കാമോ; ഏതു വർഷത്തിൽ ആണ് തുക കൈമാറിയത് എന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവൺമന്റ് ബോയിസ് ഹൈസ്കൂൾ, പെരുമ്പഴുതൂർ ഹൈസ്കൂൾ, ഊരുട്ടുകാല ഗവൺമന്റ് എം.റ്റി.എച്ച്.എസ് എന്നീ ഹൈസ്കൂളുകളിൽ എസ്.എസ്.കെ ഫണ്ട് ഉപയോഗിച്ച് ലാബ് കംമ്പ്യൂട്ടർ റൂം, ആർട്ട് ആന്റ് കൾച്ചർ റൂം, ലൈബ്രറി റൂം എന്നീ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റിന്റെ പകുതിയായ 22,10,000/- രൂപ 01/06/2018 ൽ നഗരസഭക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | ലാബ് നിർമ്മാണം ആരംഭിക്കുന്നതിന് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ഏതൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ബി) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവൺമന്റ് ബോയിസ് ഹൈസ്കൂളിന്റെ സയൻസ് ലാബ്, കംമ്പ്യൂട്ടർ റൂം, ആർട്ട് ആന്റ് കൾച്ചർ റൂം, ഇവയ്ക്കായി തയാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്കും പെരുമ്പഴുതൂർ ഹൈസ്കൂൾ, ഊരുട്ടുകാല ഗവൺമന്റ് എം.റ്റി.എച്ച്.എസ് എന്നീ ഹൈസ്കൂളുകളിൽ ആർട്ട് ആന്റ് കൾച്ചർ റൂം എന്നീ പ്രവർത്തികളുടെ എസ്റ്റിമേറ്റ് പൂർത്തിയാകുന്ന മുറയ്ക്കും ലാബ് നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | 2018-19 വർഷത്തിൽ അനുവദിച്ച എസ്.എസ്.കെ. ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയ നഗരസഭാ ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) | 2018-19 വർഷത്തിൽ അനുവദിച്ച എസ്.എസ്.കെ ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിൽ മനപൂർവ്വമായ വീഴ്ച്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ